# എൻറെ ഗ്രാമം
### പ്രൊഫ. ഫിലിപ്പ് കല്ലട

ശൈശവബാല്യങ്ങൾ പിന്നിട്ട ഗ്രാമത്തിൻ
മോഹന ചിത്രങ്ങൾ എൻ  മനസ്സിൽ
മങ്ങാതെയിന്നും  തെളിഞ്ഞു നില്ക്കുന്നു
ചലനചിത്ര രംഗങ്ങൾപോലെ.

ചൊല്ക്കൊണ്ട പള്ളിതൻ പേരുള്ള ശാന്തമാം
ഗ്രാമപഞ്ചായത്തിൻ പൂർവ്വ ദിക്കിൽ
ചേരുംമൂടെന്ന കടവുമുതൽ മേലെ
പടർന്നു കിടക്കുന്നെൻറെ ഗ്രാമം.

പുഴചേരും കടവിനടുത്തായി വള്ളങ്ങൾ
ചാണകം, തൊണ്ടു, മൽസ്യങ്ങളുമായ്
വ്യാപാരം ചെയ്യുന്ന ദൃശ്യമെൻറെയിളം
കൗമാരമനസ്സിനടിയിലുണ്ട്.

അന്നത്തെ കർക്കിടകപ്പേമാരി വെള്ളത്തിൽ
കൈതേപ്പാലം പോലും മുങ്ങിപോകും
പട്ടണ ബന്ധം മുറിയും പല നാളും
ശകടങ്ങളൊന്നുമേ ഓടുകില്ല

അതിൻറെ  മേലെക്കരെ ഗുരുമന്ദിരം;
ഗൾഫുകാർ വീടുകൾ ചുറ്റുമുണ്ട്
പുഴതന്നന്തികം മൃഗങ്ങൾക്കാതുര
ശാലയും പുൽത്തോട്ടകുന്നും കാണാം.

പുഴതന്നപ്പുറം കായ്കൾ  തിങ്ങിയ
പന്തൽ വിതാനിച്ച പാടമുണ്ടു
പാടുന്ന കിളിയുണ്ട് പൂവിൻമണമുണ്ട്
കുളിക്കടവിലാർപ്പിൻ ഘോഷമുണ്ട്.

കിഴക്കേ കുന്നിൻ നെറുകയിൽ പള്ളിതൻ
കുരിശ്ശേന്തി നില്ക്കും ഗോപുരം കാണാം
താഴ്വര ഷാപ്പിൽ പൂസായി കഥചൊല്ലി
കരഞ്ഞു ചിരിക്കുന്ന നാട്ടാരുമുണ്ട്.

കിഴക്കേ കവലയിൽ ഗ്രന്ഥാലയമുക്കിലായ്
ഉണ്ണിമാമന്റെ ചായക്കടയുണ്ട്
തൊഴിലില്ലാ യുവാക്കൾ കുത്തിയിരുന്നെന്നും
രാഷ്ട്രീയം പറയുന്ന പതിവുമുണ്ട്.

നൂറു വയസ്സുള്ള ചേന്നൻ തോളത്തു
തേങ്ങയും താങ്ങിയെത്തുമ്പോളവർ
'ബിജുമോനെത്തീന്ന്' ചൊല്ലിടുമ്പോൾ
ഉണ്ണിമാമനും ചിരിച്ചുപോകും.
മദ്ധ്യാഹ്നമാകുമ്പോൾ "കണ്ണാ..." വിളിയുമായ്
അപ്പച്ചിയെത്തും കാപ്പികുടിക്കാൻ
ഗ്രാമത്തിൻ വാർത്തയറിയണമെങ്കിൽ നാം
ചായക്കടപോണം സായംകാലം.

സായന്തനസൂര്യൻ ചായുന്ന നേരം
വഴിയേ കർഷകർ പോകുന്നുണ്ട്
അവരുടെ പേച്ചിൽ നേരുണ്ടു  നുണയുണ്ടു
വേദന വിളയുന്ന നന്മയുണ്ട്.

പച്ചപുതച്ചു നിവർന്നു കിടക്കുന്ന
പുന്നെല്ലിൻ പാടത്തിൻ മീതെയെന്നും
വെള്ളിച്ചിറകുമായ്  കൊറ്റിയും പ്രാക്കളും
മന്ദം പറക്കുന്ന ചേലുകാണാം.

പാറിപ്പറക്കുന്ന ചിത്രശലഭംപോൽ
പാഠശാലപോകും  കുട്ടികളും
സൈക്കളിൽ മണിയടിച്ചെന്നുമോരോ-
കത്തുമായെത്തും പിള്ളേച്ചനും.

അമ്മിണിപ്പശുവിനെ മേയ്ക്കുവാൻ പോകും
തകടിക്കുന്നിലെ വല്യമ്മായും
കുളവും കാവും തെങ്ങിൻ തോപ്പും തിങ്ങും
എന്റെ ഗ്രാമമെത്ര രമ്യം ശ്രേഷ്ഠം.

ഗതകാലസ്മൃതിയുടെ ചെപ്പിനുള്ളിൽ
തുടികൊട്ടും ഗ്രാമമധുരവുമായ്
ഉലാത്താറുണ്ട് ഞാനിന്നുമെന്നും
നിത്യഹരിതമാ ചിത്രങ്ങളിൽ.